**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2784** **22-01-2021 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ സമഗ്രമായ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . അബ്ദുൽ ഹമീദ് .പി . | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിൽ സമഗ്രമായ കുടിവെള്ള പദ്ധതിക്കായി ചാലിയാറിൽ നിന്ന് വെള്ളമെടുത്ത് മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ആവശ്യമായ വെള്ളം ലഭ്യമാക്കുന്ന കുടിവെള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നുണ്ടോ; പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തുന്നത് എന്ന് അറിയിക്കാമോ; | (എ) | വള്ളിക്കുന്ന് മണ്ഡലത്തിൽ സമഗ്രമായ കുടിവെള്ള പദ്ധതിക്കായി ചാലിയാറിൽ നിന്ന് വെള്ളമെടുത്ത് മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ആവശ്യമായ വെള്ളം ലഭ്യമാക്കുന്ന കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാനുള്ള സർവ്വേക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ചേലമ്പ്ര, തേഞ്ഞിപ്പാലം, വള്ളിക്കുന്ന്, മുന്നിയൂർ (ഭാഗികം) എന്നീ പഞ്ചായത്തുകളും പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്നു. |
| (ബി) | ഇതിന് ആവശ്യമായ സർവ്വേയ്ക്ക് എം.എൽ.എ. ഫണ്ട് വകയിരുത്തിയിട്ട് അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യകതമാക്കാമോ; നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | 15 ലക്ഷം രൂപയുടെ എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് ചേലമ്പ്ര, തേഞ്ഞിപ്പാലം, വള്ളിക്കുന്ന്, മുന്നിയൂർ, പെരുവള്ളൂർ, പഞ്ചായത്തുകൾക്കായി സർവ്വേ പ്രവൃത്തിക്കുവേണ്ടി 03.11.2020 – ന് ടെണ്ടർ ക്ഷണിക്കുകയും തുടർന്ന് 28.11.2020 വരെ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടിയെങ്കിലും ഒരു ദർഘാസ് മാത്രമേ ലഭിച്ചിരുന്നുള്ളൂ. നിലവിലെ ടെണ്ടർ നടപടിക്രമം അനുസരിച്ച് പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും 24.12.2020 – ന് പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. 13.01.2021 – ന് ടി ടെണ്ടർ തുറന്ന് പരിശോധിക്കുകയും രണ്ടാമതും ലഭിച്ച ഒരേയൊരു ടെണ്ടർ നിലവിലെ ടെണ്ടർ നടപടിക്രമം പാലിച്ച് വിശദപരിശോധനക്കുശേഷം പ്രവൃത്തിക്ക് ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ ത്രിതല പഞ്ചായത്തുകൾ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് ഉപയോഗിച്ച് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പൈപ്പ് ലൈൻ ഡെപ്പോസിറ്റ് വർക്കുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; ഏതെല്ലാം പഞ്ചായത്തുകളിലാണ് | (സി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | പദ്ധതികൾ നടപ്പിലാക്കിയത് എന്ന് വിശദമായി ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ